ഉത്തരം

(എ) 6,54,07,877 രൂപ

(ബി) 4,03,27,626 രൂപ ചെലവഴിച്ചു. 61.65%

(സി) 4,88,56,062 രൂപ

(ഡി) 1,88,15,701 രൂപ ചെലവഴിച്ചു. 103 പദ്ധതികൾ നടപ്പാക്കി.

(ഇ) 38.51 ശതമാനം. ഈ വർഷം ലഭ്യമായ തുകയുടെ 70 ശതമാനത്തോളം 31-3-2015-നകം ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.യു.ഡി.പി. പ്രോജക്ട്

294 (1719) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.യു.ഡി.പി. പ്രോജക്ട് പ്രകാരം എന്തെല്ലാം പദ്ധതികളാണ് അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) എത്ര കോടി രൂപയുടെ കേന്ദ്ര അനുമതി പ്രതീക്ഷിക്കുന്നുണ്ട്;

(സി) ഏതെല്ലാം നഗരസഭകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) നിലവിൽ പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന തിരുവനന്തപുരം നഗരസഭയിലെ 9.37 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ പ്രവൃത്തിയും 64.86 കോടി രൂപ മുതൽമുടക്കുള്ള സ്വിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും കൊല്ലം നഗരസഭയിലെ 5.15 കോടി രൂപ മുതൽമുടക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണവും 4.5 കോടി രൂപ മുതൽമുടക്കുള്ള ചിന്നക്കട അണ്ടർപാസ് നിർമ്മാണവും 60.36 കോടി രൂപ മുതൽമുടക്കുള്ള സ്വിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും കൊച്ചി നഗരസഭയിലെ 14.35 കോടി രൂപ മുതൽമുടക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണവും 13.04 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും 165.19 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ മുതൽമുടക്കുള്ള സ്വിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും തൃശ്ശൂർ നഗരസഭയിലെ 23.72 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും കോഴിക്കോട് നഗരസഭയിലെ 14.15 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും 63.85 കോടി രൂപ മുതൽമുടക്കുള്ള സ്വിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും പരമാവധി അടുത്ത വർഷം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കോഴിക്കോട് നഗരസഭയിൽ 13.5 ദശലക്ഷം യൂണിറ്റ് വാഹക ശേഷിയുള്ള ഒരു മലിനജല സംസ്കരണശാലയും കരാർ നൽകി പണികൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) എ.ഡി.ബി.-യുടെ വായ്പാ സഹായത്തോടെ സംസ്ഥാനം നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി എന്നതിനാൽ ഇതിനായി പ്രത്യേക കേന്ദ്ര സഹായങ്ങളൊന്നും പ്രതീക്ഷിക്കുന്നില്ല.

(സി) 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

കേരള സുസ്ഥിര നഗരവികസന പദ്ധതി

295 (1720) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതിക്കായി മട്ടന്നൂർ നഗരസഭയിലെ ഏതെല്ലാം പദ്ധതികളാണ് കെ.എസ്.യു.ഡി.പി.-ക്ക് സമർപ്പിച്ചിട്ടുള്ളത് ; ഓരോ പദ്ധതിയും എത്ര തുകയുടെ എസ്റ്റിമേറ്റ് അടങ്ങിയതാണ് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി. എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ടാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി മട്ടന്നൂർ നഗരസഭ കെ.എസ്.യു.ഡി.പി.-യിൽ സമർപ്പിച്ച പദ്ധതികളും അവയുടെ അടങ്കലുകളും ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly